**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 396** **08-06-2021 - ൽ മറുപടിയ്ക്ക്**

**പനമ്പ്, നെയ്ത്ത് തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri. P. Rajeeve<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ആവശ്യത്തിന് മുളയും ഈററയും കിട്ടാത്തതുമൂലം പനമ്പ്, നെയ്ത്ത് തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുവാൻ സംസ്ഥാന ബാംബൂ കോർപ്പറേഷൻ എന്തൊക്കെ ഇടപെടലുകളാണ് നടത്തിയതെന്ന് വിശദമാക്കുമോ; | (എ) | പനമ്പ് നെയ്ത്ത് തൊഴിലാളികൾ പ്രധാനമായും ആശ്രയിക്കുന്നത് വനത്തിൽ നിന്നും കിട്ടുന്ന ഈറ്റയാണ്. വനത്തിൽ നിന്നും ഈറ്റ സൗജന്യമായി ലഭിക്കുകയാണെങ്കിലും, ഒരു കെട്ട് ഈറ്റ വെട്ടി തൊഴിലാളികൾക്ക് ലഭ്യമാക്കുമ്പോൾ കോർപ്പറേഷന് 250/- രൂപ ചെലവ് വരുമെങ്കിലും ഈറ്റ തൊഴിലാളികൾക്ക് 54 രൂപയ്ക്കാണ് നൽകിവരുന്നത്. അടിക്കടി ഉണ്ടാകുന്ന വെള്ളപ്പൊക്കവും, കോവിഡും കാരണം ഉദ്ദേശിക്കുന്ന രീതിയിൽ ഈറ്റ ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും വനത്തിൽ കോർപ്പറേഷൻ കൂടുതൽ തുക ചെലവഴിച്ച് പല റോഡുകളും പുനർനിർമ്മിക്കുകയും തൊഴിലാളികളെ ഉൾ വനപ്രദേശങ്ങളിൽ കോർപ്പറേഷന്റെ ചെലവിൽ എത്തിക്കുകയും ചെയ്ത് ഈറ്റ വെട്ടിയെടുക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ഇതുമൂലം നെയ്ത്ത് തൊഴിലാളികൾക്ക് ജോലി ചെയ്യുന്ന ദിവസങ്ങളിൽ ഒരു പരിധി വരെ ഈറ്റ നല്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഇവരുടെ പനമ്പ് നെയ്ത്ത് കൂലി കൂട്ടിയിട്ടുള്ളതുമാണ്. മുഴുവൻ പനമ്പ് നെയ്ത്ത് തൊഴിലാളികളെയും ഈറ്റ, കാട്ടുവള്ളി, ക്ഷേമനിധി ബോർഡിന്റെ ഭാഗമാക്കി സർക്കാരിൽ നിന്ന് അവർക്ക് ക്ഷേമനിധിയുമായി ബന്ധപ്പെട്ട തുക ലഭ്യമാക്കുവാൻ ശ്രമിച്ചിട്ടുണ്ട്. പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് മിനിമം വേതനത്തിന്റെ ഭാഗമായി മുൻ കാലങ്ങളിൽ ലഭിക്കാനുള്ള ഡി.എ കുടിശ്ശിക 1.5 കോടി രൂപയോളം ഈ കാലയളവിൽ അവർക്ക് നലകിയിട്ടുണ്ട്. ഈറ്റ വെട്ട്, പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് ലോക്ഡൌൺ കാലയളവിൽ അവർ ആവശ്യപ്പെട്ടതനുസരിച്ച് 500/-രൂപ വീതം അഡ്വാൻസ് ആയി നല്കിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് വ്യാപകമായ രീതിയിൽ മുള വച്ചു പിടിപ്പിക്കുന്നതിന് കോർപ്പറേഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. കോർപ്പറേഷൻ 2017-18 കാലയളവിൽ കേരള സംസ്ഥാന ബാംബൂ മിഷൻ വഴി മുള വച്ച് പിടിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി നാഷണൽ |

| | | | |
|---|---|---|---|
| | | | ബാംബൂ മിഷന് സമർപ്പിക്കുകയും 588 ഹെക്ടർ സ്ഥലത്ത് മുള വച്ച് പിടിപ്പിക്കുന്നതിനുള്ള അനുവാദം ലഭിച്ചിട്ടുള്ളതുമാണ്. ഇതിന്റെ ഭാഗമായി ആറളം ഫാമിൽ 200 ഏക്കറും അലിഗർ യൂണിവേഴ്സിറ്റിയിൽ 125 ഏക്കറും ലഭ്യമാക്കുന്നതിനുവേണ്ട കരാർ വച്ചിട്ടുള്ളതാണ്. ഇതു കൂടാതെ കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ മുള വച്ച് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) | പനമ്പ്, നെയ്ത്ത് തൊഴിലാളികൾക്ക് എത്ര ദിവസം തൊഴിൽ നൽകുന്നതിനാണ് നിലവിൽ കോർപ്പറേഷന് സാധിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (സി) | ഒരു വർഷത്തിൽ ഏകദേശം 200 ൽ കൂടുതൽ പ്രവർത്തി ദിനങ്ങളെങ്കിലും പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് ഈറ്റ നൽകാൻ കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | കോവിഡാനന്തര കാലത്ത് പനമ്പ്, നെയ്ത്ത് തൊഴിലാളികൾക്കായി ഏതെങ്കിലും തരത്തിലുള്ള ആശ്വാസ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | ഈറ്റ് വെട്ട് - പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് ലോക്ഡൗൺ കാലയളവിൽ 500/- രൂപ വീതം അഡ്വാൻസ് ആയി നൽകിയിട്ടുള്ളതാണ്. പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ വീട്ടുകളിൽ ഈറ്റ എത്തിച്ചു കൊടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചു. ഈറ്റ വെട്ട്-പനമ്പ് നെയ്ത്ത് തൊഴിലാളികളെ ഈറ്റ-തഴ-കാട്ടുവള്ളി ക്ഷേമനിധി ബോർഡിൽ ഉൾപ്പെടുത്തി 1000/- രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. കോവിഡിനു ശേഷം പനമ്പിന്റെ വില കൂട്ടി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ